**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3921** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുമതിക്കായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും രണ്ടു ലക്ഷത്തിൽ കൂടുതലുള്ള സർക്കാർ ആശുപത്രി ബില്ലുകളുമാണ് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിക്കുന്നത്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ ആറ് സെക്ഷനുകളാണുള്ളത്. ഓരോ സെക്ഷനിലും ഏകദേശം 70മുതൽ 80 വരെ ബില്ലുകളാണ് മാസം തോറും ലഭ്യമാക്കുന്നത്. ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ബില്ലുകൾ തീർപ്പ് കൽപ്പിച്ച് വരുന്നുണ്ട്.** |
| (ബി) | ഏത് കാലയളവ് വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ജൂലൈ 2021 വരെയുള്ള ബില്ലുകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന വിവരം നൽകാമോ; | (സി) | 1905 ബില്ലുകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. |
| (ഡി) | അനുമതി ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ? | (ഡി) | ബില്ലുകൾ തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തി വരുന്നു. ആയതിലേയ്ക്ക് ടി ഓഫീസിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി അവധി ദിവസങ്ങളിലുൾപ്പെടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാക്കി വരുന്നുണ്ട്. ബില്ലുകൾ ലഭിക്കുന്നതിന്റെ ബാഹുല്യം കൊണ്ടാണ് തീർപ്പാക്കാൻ കാലതാമസം നേരിടുന്നത്. എന്നിരുന്നാലും മേൽപ്പറഞ്ഞ രീതിയിൽ വളരെ അടിയന്തിരമായി പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ